# കുതിർന്ന മണ്ണ്

കോലായിന്മേലിരിയ്ക്കുന്നു തന്ത-
ക്കോരനന്തിയ്ക്കുണർന്നെണീറ്റ,പ്പോൾ,
മെല്ലെയൊന്നു മുറുക്കുകയാലേ
കൊല്ലി വീർത്തുവരുന്നു മേന്മേലേ
ഞെട്ടലാർന്നു ചുളിയുന്നു നെറ്റി
പെട്ടെന്നേതോ വിചാരപാതത്താൽ.
പായ് ചുരുട്ടിപ്പിടഞ്ഞെഴുന്നേറ്റാ-
പ്പാതിജീവിതം താണ്ടിയ വൃദ്ധൻ
പീളകെട്ടിയ കണ്ണും തിരുമ്മി-
ച്ചാളവിട്ടു വെളിയിലിറങ്ങി.
നിന്നു നേരമറിയുവാനല്പം:
മിന്നുന്നില്ലൊരു താരകപോലും!
ഉള്ളിലീർപ്പം നിറച്ചലച്ചെത്തി-
ത്തുള്ളീടുന്നു മരുത്തിന്റെ മക്കൾ.
കൊച്ചുചോലയോ മീട്ടുന്നു മേന്മേ-
ലുച്ചലൽക്കളകല്ലോലതന്ത്രി.
ഊന്നാനുള്ള വടിയുടെ മീതെ
കൂന്നുനിന്നു കുരച്ചൊന്നു തുപ്പി
കീറിനാറിയ മുണ്ടും പുതച്ചാ-
പ്പാടത്തെല്ലാം നടന്നിതു കോരൻ.
കേറീ മണ്ണട്ടതൻ ചീറ്റലപ്പോൾ
കാതിന്നുള്ളിൽത്തിരിയുളിപോലെ.
വാർദ്ധകത്താൽക്കുനിഞ്ഞ നെൽച്ചാർത്താൽ
ചീർത്ത വിസ്തൃതമാം വയൽ നോക്കി
നാട്ടപോലെത്തറഞ്ഞവൻ നിന്നു
നാട്ടുവെട്ടത്തിലെത്രയോ നേരം.
തെല്ലകലത്തിരുളും പുതച്ചി-

ട്ടല്ലലില്ലാതുറങ്ങിടും സൗധം,
വമ്പുപോലെ സമുന്നതമാമാ–
ത്തമ്പുരാന്റെ മണിമയസൗധം,
പീനമാം മരക്കൂട്ടിലായ് മങ്ങി–
ക്കാണാമെങ്കിലും കണ്ടില്ല കോരൻ.
മാനത്തോളമലയ്ക്കുകയല്ലോ
മാനസത്തിലവന്നഭിമാനം!
ആരോ പാടത്തു ചാലുകൾ കീറി,
ആരോ വിത്തിട്ടു പൊൻപൊടിമണ്ണിൽ,
ആരോ നീക്കി കളകളെ, കൊയ്യാ–
നാരോ പുന്നെൽക്കുലകളെ നാളെ?

**2**

കൊയ്ത്തുകാലം പിറന്നിതാ ഗ്രാമം
മുത്തണിഞ്ഞു പുലരികൾ തോറും.
ക്ഷുത്താൽപ്പള്ള ചുളുങ്ങിയ നാടിൻ
ഹൃത്തിൽപ്പുത്തനുന്മേഷം വഴിഞ്ഞു.
പൊൻപുലരി പഴുത്തു നിൽക്കുമ്പോൾ
തമ്പുരാന്റെ തിരുമൊഴി പൊങ്ങി,
‘കൊയ്ത്താണിന്നതിന്നാളുകളെല്ലാ–
മെത്തിച്ചേരണം, കേട്ടുവോ കോരൻ?’
തമ്പുരാന്റെ പടിപ്പുര ചാരി
തന്തക്കോരൻ മറുപടി ചൊല്ലി,
‘എത്തിക്കോളാം വെടോ’ണ്ടവൻ ചാരും
ഭിത്തിയ്ക്കപ്പോൾ ക്കരയുവാൻ തോന്നി.
കാറ്റത്താടി മുറിഞ്ഞ മാവിൻ കൊ–
മ്പേറ്റതിനാൽക്കരഞ്ഞതല്ലല്ലി?
കൂട്ടുകാരെയും കൂട്ടിപ്പതുക്കേ
കൂന്നുനീങ്ങും മനസ്സിനുപിമ്പേ
വേച്ചുവേച്ചു നടക്കുകയായീ
വേദനാദൂനചേതനൻ കോരൻ.
പാടത്തെത്തിക്കുറച്ചിട നിന്നു

ചൂടുവെച്ച വിയത്തിന്നു താഴെ
പിന്നെശ്ശീർഷമുയർത്തിപ്പിടിച്ചു;
മുന്നിലപ്പോൾത്തെളിഞ്ഞവൻ കണ്ടൂ:
കാറൊളി പൂണ്ടിളകിത്തുളുമ്പും
മാറിൽക്കല്ലയും മാലയും ചാർത്തി,
വേർത്ത നെറ്റിയിലൊട്ടിയ കീറ–
ത്തോർത്തിനുള്ളിൽ ചികുരമൊതുക്കി,
മധ്യാഹ്നാരുണരശ്മികൾ കൊയ്തും
മധ്യേ ഭാവനാവെണ്ണിലാവുണ്ടും
കൂന്നുനിൽപ്പൂ ചെറുമികൾ! ആട്ടം
കാണ്മൂ കഷ്ടം കഥയറിയാതെ!
കറ്റകൊണ്ടു നിറഞ്ഞ വരമ്പി–
ന്നറ്റത്തല്ലയോ തമ്പുരാൻ നിൽപ്പൂ!
കോരനപ്പോൾക്കരളിലെമ്പാടും
നീറിനീറിപ്പുകഞ്ഞുപോയ് ദുഃഖം
ആരോ പാടത്തു ചാലുകൾ കീറി,
ആരോ വിത്തിട്ടു പൊൻപൊടിമണ്ണിൽ,
ആരോ നീക്കി കളകളെ, കൊയ്യാ–
നാരീപ്പുന്നെൽക്കുലകളെ പക്ഷേ?

**3**

ചുട്ടുചുട്ടു വരണ്ടു കിടപ്പു
കട്ടമണ്ണാ നിലങ്ങളിലാകെ
മാനത്തിന്റെ മനോഹരസ്നേഹം
മാരിത്തുള്ളി, ആ മണ്ണിൽപ്പതിപ്പൂ.
അന്നും കോരനിരിപ്പുറയ്ക്കാതെ
കന്നിനെയും തെളിച്ചു നടന്നു,
കട്ടമണ്ണിൽ ക്കരിപിടിച്ചുന്താൻ,
കട്ടമണ്ണിനെപ്പഞ്ചാരയാക്കാൻ.
പുത്തൻമണ്ണിൽക്കുരുത്ത സുഗന്ധം
മത്തിയറ്റിയാക്കർഷകഹൃത്തിൽ.
ഓരോ കൊല്ലവും കോരനാപ്പാടം

കാരിരുമ്പിന്നെലിമ്പിനാൽക്കീറി.
ഓരോ കൊല്ലവും കോരനാ മണ്ണിൽ
ചോരത്തുള്ളികൾ വാരിവിതച്ചു.
ഓരോ കൊല്ലവും കോരനാ നെല്ലിൻ
രോഗാണുക്കൾ പറിച്ചുകളഞ്ഞു.
ഓരോ കൊല്ലവും കോരനാനെല്ലിൻ
ചോരന്മാരെപ്പിടിച്ചു ഹനിച്ചു.
കോരൻ കാത്തു പഴുത്ത നെൽപ്പാടം
ഓരോ കൊല്ലവും രാപ്പകലെന്യേ
തമ്പുരാന്റെ തിരുമൊഴി കേൾക്കെ–
'കൊയ്യാ' മെന്നൊരു സമ്മതം മൂളാൻ!
അപ്പോഴൊക്കെയും ചോദ്യമൊന്നുള്ളി–
ലുൽപ്പതിച്ചിടാറില്ലയോ പക്ഷേ?
ആരോ പാടത്തു ചാലുകൾ കീറി,
ആരോ വിത്തിട്ടു പൊൻപൊടിമണ്ണിൽ,
ആരോ നീക്കി കളകളെ, കൊയ്യാ–
നാരോ പുന്നെൽക്കുലകളെ നാളെ?

**4**

യുദ്ധം കത്തിയടങ്ങിയ കാലം,
മുത്തിൽ മുങ്ങുന്നു മർത്ത്യർതൻ ഗോളം
കയ്യിൽക്കൊട്ടയും കുപ്പിയുമേന്തി
കച്ചത്തുമ്പിലരിക്കാശുകെട്ടി
പീടികയിലേയ്ക്കായവനോരോ
ചോടും വെച്ചു വടിയുടെ പിമ്പേ.
പീടികയ്ക്കടുത്തെത്തവേ നിന്നു,
നീടാർന്നൊന്നു ഞെളിഞ്ഞു വീർപ്പിട്ടു.
മുന്നിലപ്പോൾത്തളിഞ്ഞുമിന്നുന്നു
മുന്നിറക്കൊടിമാലകളെങ്ങും!
അസ്തസൂര്യനവയ്ക്കലിവോടെ
രക്തപുഷ്പങ്ങളർച്ചന ചെയ്‌വൂ
'നാളെക്കാല'ത്തവൻ ചെവിക്കൊണ്ടു,

‘നാടിതാകെ സ്വതന്ത്രമായ്ത്തീരും.‘
‘എന്നു ബച്ചാൽ’, ഒരുത്തൻ പറഞ്ഞു,
‘പിന്നെ ഞമ്മക്കു മുണ്ടുടുക്കാലോ’.
‘എന്നു ബച്ചാൽ’,ഒരുത്തൻ പറഞ്ഞു,
‘പിന്നെ ഞമ്മക്കു പട്ടിണി ബേണ്ടാ.’
കോരന്നപ്പോൾ വിടർന്നുപോയുള്ളം,
ദൂരെദൂരെപ്പറന്നുപോയ് സ്വപ്നം.
കാളവണ്ടിയും സൈക്കിളും കാറും
ഓളംതല്ലും കഥയറിയാതെ
തീരമില്ലാത്ത ജീവിതദുഃഖ–
പാരാവാരപ്പരപ്പിലൂടല്ലിൽ
പോകെ,ക്കൂരിരുൾക്കട്ടയിൽ ദീപ്തി–
രേഖ ദൂരത്തു കണ്ടുപോയെങ്കിൽ
ക്ഷീണിതാംഗനാം നാവികന്നുണ്ടാം
ആനന്ദത്തിന്റെ വിസ്മൃതിയോടെ
നിന്നു കോരനൊരുപടിനേരം
കണ്ണിലൂറും കുളിർക്കണത്തോടെ!
അന്നന്തിയ്ക്കവൻ ചാളയിലെത്തി
പെണ്ണിനേയും വിളിച്ചു വരുത്തി
കോലായിന്മേലിരുന്നു തൻ കുഞ്ഞാം
നീലിപ്പെണ്ണിന്നൊരുമ്മ കൊടുത്തു,
‘നാളെത്തൊട്ടിനി ഞമ്മക്കും തിന്നാം,
മോളേ, ഞമ്മടെ സർക്കാരു വന്നു’.
തിണ്ണയിന്മേൽ തകരവിളക്കിൻ
മണ്ണെണ്ണപ്പുക ചുറ്റിയ നാളം
ആശപോലെ മുനിഞ്ഞിളകുമ്പോൾ
മീശയ്ക്കുള്ളിലൊരുൽസ്മിതം മിന്നി:
തൻവിയർപ്പാൽപ്പശമ പിടിച്ച
മണ്ണാക്കണ്ണിൽ പ്പരന്നു കിടപ്പൂ,
മാനത്തോളമുയർന്നതാനിൽപ്പൂ
മാനസത്തിലവന്നഭിമാനം:

താനിപ്പാടത്തു ചാലുകൾ കീറും.
താനേ വിത്തിടും പൊൻപൊടിമണ്ണിൽ,
താനേ നീക്കും കളകളെ, കൊയ്യും
താനേ പുന്നെൽക്കുലകളും നാളെ!

**5**

മാവിൻ കൊമ്പുകളീ മലനാട്ടിൽ
പൂവിട്ടാടിക്കുണുങ്ങി നില്ക്കുമ്പോൾ,
തേനിൻ മാദകമാധുരീപൂരം
തേവിത്തൂമണം പാഞ്ഞലയുമ്പോൾ,
മാരിവില്ലൊളിപ്പൂമ്പാറ്റകൾക്കാ
വേരി മോന്തിത്തല കറങ്ങുമ്പോൾ
ലോലലോലമാം ചെന്തളിരുണ്ടു
നീലപ്പൂങ്കുയിൽ പാട്ടുപാടുമ്പോൾ,
എന്തമോഘവസന്തമാണയ്യാ,
ചിന്തയ്ക്കാകെ ലഹരിപിടിപ്പൂ.
കേരളത്തിൽ കൃഷിനിലം പക്ഷേ,
നീരുവറ്റിവരണ്ടു കിടപ്പൂ.
പുഞ്ചനെല്ലിനു തേവിത്തളർന്നു
നെഞ്ചൊടിഞ്ഞതാ കർഷകൻ നിൽപ്പൂ.
തേക്കിനാവേശമേകിടും പാട്ടിൽ
തേനൻതൻ രുചിരാപദാനത്തിൽ
മുങ്ങാറില്ലവനീയാണ്ടിൽ, എന്തേ
തങ്ങീ ചങ്കിലദ്ധീര സംഗീതം?
വറ്റിപ്പോകാതിരിയ്ക്കുമോ കണ്ഠം
കത്തിടും ജഠരാഗ്നിതൻ ചൂടിൽ!
കമ്പം തിന്നു വയറുന്തി വിങ്ങി
കട്ടച്ചോരപോക്കായ്ത്തലതല്ലി
ചൂലുപോലെ പരോശമായ്ത്തീർന്ന
നീലി നീണ്ടു കിടന്നിടും പായിൽ
ചെമ്മൺ കൂരച്ചുമരിനെച്ചാരി
തൻമകൾതൻ മുഖാകൃതി നോക്കി

ചുട്ടുനീറും കരളൊടുകൂടി
ചുമ്മാകുത്തിയിരിയ്ക്കയാം കോരൻ,
കോലായിൽത്താൻ കുറച്ചടി ദൂരെ
നീലിപ്പെണ്ണിനെപ്പെറ്റ മാതാവും
ഉച്ചസ്സൂര്യനിറയത്തുതിർക്കും
സ്വച്ഛനാണയത്തുട്ടുകളെന്യേ
ഒറ്റക്കാശില്ലവരുടെ കയ്യിൽ
കുട്ടിയ്ക്കൽപ്പം മരുന്നു മേടിയ്ക്കാൻ.
'അച്ചോ വജ്ജെനിയ്ക്കെന്തുണ്ടാം ബേണ്ടീ?'
കൊച്ചുറക്കെ നിലവിളിയ്ക്കുന്നു!
ദീനദീനം ചിലയ്ക്കുകയത്രേ
വേലിക്കെട്ടിൽനിന്നുച്ചക്കിളികൾ.
മാത്രതോറുമാദ്ദമ്പതിമാർതൻ
നേത്രയുഗ്മമടുത്തടുത്തെത്തി.
തമ്മിൽക്കെട്ടിപ്പിടിച്ചു നിശ്ശബ്ദം
വിമ്മീ കണ്കളൊരു പടി നേരം
പൊള്ളിയ്ക്കുന്ന വിഷാദങ്ങൾ നാലു
തുള്ളിയായിക്കൊഴിഞ്ഞുപോയ് മണ്ണിൽ.
കോരൻ മൂകനിറങ്ങി നടന്നു
കാലുപോകും വഴികളിലൂടെ,
പ്രേതം ചാവുകിലുണ്ടാകുമുഗ്ര-
പ്രേതത്തിന്റെ നിഴലിനുപിമ്പേ.
വേദനകളിരമ്പുകയാണാ-
ച്ചേതനയിൽക്കടുന്നലിൻ കൂട്ടിൽ:
'നാളെക്കാല'ത്തവൻ ചെവിക്കൊൾവൂ,
'നാടിതാകെ സ്വതന്ത്രമായ്ത്തീരും.'
ചക്രവാളപ്പരപ്പിലാനാദ-
മുഗ്രമുഗ്രം പ്രതിദ്ധ്വനിക്കൊൾവൂ.
നാടിതാകെ സ്വതന്ത്രമായ്ത്തീർന്നൂ,
നാട്ടുകാരുടെ സർക്കാരുവന്നു,
ജോലിചെയ്തു നടുവൊടിഞ്ഞാലും

കൂലികിട്ടാത്ത കാലവും വന്നു.
നാടിതാകെ സ്വതന്ത്രമായ്ത്തീർന്നു,
നാട്ടുകാരുടെ സർക്കാരു വന്നു.
വെള്ളക്കാരന്റെ 'പത്തവുൺസി'പ്പോൾ
തൊള്ളനാറിടു 'മാറവുൺസാ'യി.
നാടിതാകെ സ്വതന്ത്രമായ്ത്തീർന്നു,
നാട്ടുകാരുടെ സർക്കാരു വന്നു,
നാറിനാറിപ്പഴുത്തു കിടക്കു–
മാറവുൺസരി കിട്ടണമെങ്കിൽ
കമ്പം തിന്നു വയറുന്തി വിങ്ങി–
ക്കട്ടച്ചോരപോയ്ച്ചാവണം മർത്യൻ.
വേദനകളിരമ്പുകയാണാ–
ച്ചേതനയിൽക്കടുന്നലിൻകൂട്ടിൽ.
ദേഹമാകെ വിയർത്തൊലിയ്ക്കുമ്പോൾ
ദാഹം നാവിൽക്കൊളുത്തമർത്തുമ്പോൾ
കൂന്ന കുള്ളൻനിഴലിൻ തലയ്ക്ക–
ലൂന്നിയൂന്നിച്ചവുട്ടിനാൻ കോരൻ.
അങ്ങാടിയ്ക്കടുത്തെത്തിയ നേര–
മമ്പരന്നവൻ നിൽക്കുകയായി,
അമ്പതോളം ജനമിതാ പൊന്നു–
തമ്പുരാന്റെ ചൂഴലെയും നിൽപ്പൂ.
വാച്ചും മൂക്കുകണ്ണാടിയുമായി
വാഴ്ത്തീടുന്നിതൊരു മഹാകേമൻ
സർക്കാരിന്റെ കരുണയെപ്പറ്റി
സ്വർഗ്ഗത്തിന്റെ മഹിമയെപ്പറ്റി,
മന്ദഹാസസമന്വിതനന്നാ
മന്ത്രിപുംഗവൻ വാമൊഴി തൂകി,
'നെല്ലിനെക്കാളനേകമിരട്ടി
നല്ലതാണീയമൂല്യമാം കമ്പം!'
കോരന്നപ്പോൾ കവിളുകൾ കോടീ,
ചോരച്ചാലിൽത്തരിപ്പുളവായീ,

കൊമ്പൻമീശ തലോടിനാൻ മന്ത്രി,
‘കമ്പം തിന്നാൽത്തടിച്ചുപോം നിങ്ങൾ.’
ലോലനീലാബ്ജകുഡ്മളം പോലാ
ലോകദാസന്റെ കൈകളും കൂമ്പി!
എട്ടുദിക്കും നടുങ്ങുമാറുള്ളിൽ
പൊട്ടിപ്പൊട്ടിച്ചിരിച്ചുപോയ്ക്കോരൻ.
മുന്നിറക്കൊടി ചൂടിച്ചു നിർത്തി–
പ്പൊന്നുതമ്പുരാനോടിയ്ക്കും കാറിൽ
കേറിക്കാറ്റിൽപ്പറക്കുകയായീ
കേരളീയ ജനകീയ മന്ത്രി,
പിന്നിലുള്ള ജനത്തിനുനേരെ
മണ്ണേറിഞ്ഞു മറഞ്ഞിതാ വണ്ടി
വിണ്ണിൽ നേരിട്ടു കോരനയച്ച
കണ്ണിൽച്ചോരച്ച ചോദ്യം പുകഞ്ഞു.
ആരോ പാടത്തു ചാലുകൾ കീറി,
ആരോ വിത്തിട്ടു പൊൻപൊടിമണ്ണിൽ,
ആരോ നീക്കി കളകളെ, ഉണ്മാ–
നാരോ പുന്നെൽക്കുലകളെ നാളെ?

**6**

മധ്യാഹ്നത്തിൻ നെരിപ്പോടു വിണ്ണിൽ
കത്തിക്കാളുന്ന മേടമാസത്തിൽ
പാരുണങ്ങിപ്പഴുത്തു കിടക്കെ
പാരാവാരം പൊരിഞ്ഞു പിടയ്ക്കെ,
പച്ചവൃക്ഷപ്പടർപ്പിന്നിടയിൽ
കൊച്ചുകാറ്റും സുവിശ്രമം കൊൾകെ,
ചോലക്കുന്നിന്മേൽപ്പാതി കൺപൂട്ടി
കാലിവർഗ്ഗം മയങ്ങിക്കിടക്കെ,
നോക്കൂ പാറിടുന്നില്ലൊരു നീല–
ക്കാക്കപോലും! പതറുന്നു നോട്ടം!
പാഞ്ഞിടുന്ന വിനാഴികപോലും
പാവം തോന്നുമരിയ്ക്കുകയത്രേ.

മൂകമായിത്തളർന്നുറങ്ങീടും
ലോകത്തിന്റെ ചെവികളിലപ്പോൾ
ഏതോ ഗംഭീരശബ്ദം പരന്നു,
ചേതനയെപ്പിടിച്ചു കുലുക്കി.
ഭീമമക്കൊടുങ്കാറ്റടിയേൽക്കെ
ഗ്രാമമാകെപ്പിടഞ്ഞെഴുന്നേറ്റു.
തമ്പുരാന്റെ മണിമയസൗധം
അമ്പരന്നു മിഴിച്ചുനിൽപ്പായി.
ഏറെ വർഷമായ് ചേറാണ്ടുപൂട്ടി
ചോറുണ്ണാതെ കരഞ്ഞിടും വംശം,
കമ്പംതിന്നു വയറുന്തിവിങ്ങി
കട്ടച്ചോരപോയ്ക്കൂനിയ വംശം,
കോരന്മാരുടെ വംശ, മീനാട്ടിൽ
ഭൂരിപക്ഷമാം കർഷകവംശം,
തമ്പുരാന്റെ ഗൃഹാങ്കണത്തിങ്കൽ
വമ്പടപോൽപ്പരക്കുകയായി.
നഷ്ടപ്പെട്ടിടാനെന്തവർക്കുള്ളൂ?
കിട്ടാനാവട്ടേ ഗോളമൊന്നാകെ!
മെയ്യിലാകെച്ചുടുവേർപ്പുചിന്നി
തിയ്യുതോൽക്കും വെയിലിനു കീഴിൽ
നിന്നു നിഷ്കിഞ്ചനരവർ കണ്ണു
മഞ്ഞളിയ്ക്കെത്തല പൊളിയുമ്പോൾ,
വെണ്ണക്കല്ലു വിരിച്ച കോലായിൽ
മണ്ണുപറ്റിയ കാലാൽച്ചവുട്ടി
തന്തക്കോരൻ വിളിച്ചുപറഞ്ഞു,
'തമ്പുരാനേ, തുറക്കണം വാതിൽ',
ആ വിളിയിലാ ഗംഭീരസൗധം
ആടിപ്പോയെന്ന തോന്നലുണ്ടായോ?
ഞെട്ടലാർന്നുച്ഛ്വസിയ്ക്കുവാൻ പേടി–
ച്ചെട്ടുദിക്കും ചെവിടോർത്തു നിൽക്കെ,
പാതിമൊട്ടാം പതിറ്റടിപ്പൂക്കൾ

ഭീതിമൂലം വിരിയാൻ മടിയ്ക്കെ,
തമ്പുരാന്റെ ചവുട്ടടിശ്ശബ്ദം
വെമ്പിദ്ദൂരാൽക്കിതച്ചുവന്നെത്തി
മാത്രകൊണ്ടക്കതകും തുറന്നു,
നേത്രഹാരം ഗൃഹേശനെപ്പുൽകി.
വാച്ചുനോക്കിത്തിരിഞ്ഞു ചോദിച്ചു
വാക്കോരോന്നുമളക്കുമദ്ധീമാൻ.
‘‘നേരമില്ല്ലി,ന്നിവരെയും കൂട്ടി–
ക്കോരനെന്തിനേ പോന്നതീ വെയ്ലിൽ?’
തമ്പുരാന്റെ തെളിനയനത്തിൽ
ചെമ്പകപ്പൂവിതളുതിർന്നാടി
താക്കോൽക്കൂട്ടം കുലുക്കിച്ചിരിച്ചു
താഴ്വരയിലശ്ശാന്തഗംഭീരൻ.
വർത്തമാനം പറയും പിണംപോ–
ലുത്തരക്ഷണമോതിനാൻ കോരൻ:
‘‘തമ്പുരാനേ, കരയുകയാണേ,
കമ്പംതിന്നിട്ടടിയന്റെ നീലി.
ചോരപോക്കാണവൾ,ക്കരിവേണ്ടേ
ചോറുവെച്ചു കൊടുക്കണമെങ്കിൽ?
ഉള്ളുനീറിക്കരയും പെണ്ണച്ചോ
തൊള്ളിക്കഞ്ഞിന്റെ തൊള്ളേലൊയിച്ചേ!’
കോരനല്ലിച്ചെറുമക്കളാകെ
പ്രാരബ്ധത്തിലാണിങ്ങനെതന്നെ.
എന്തുവന്നാലും തമ്പുരാനല്ലാ–
തെങ്ങൾക്കാരുള്ളു സങ്കടം കേൾക്കാൻ?
തമ്പുരാനേ, കരിക്കാടിയല്പം
തന്നയയ്ക്കണേ, തോറ്റവരാണേ!
ബുദ്ധിമുട്ടിയ്ക്കൊല്ലന്തിയ്ക്കു മുമ്പേ
ചത്തു പോകുമടിയന്റെ നീലി’
ചത്തുകൊള്ളട്ടെ’, തമ്പുരാൻ ചൊല്ലി,
ചത്താൽക്കോരന്നതാശ്വാസമല്ലേ?’

തോളിലിട്ട ഖദറിനാലപ്പോൾ
തോർത്താൻ തോന്നിയാ ശ്രീമാന്നു നെറ്റി.
ഞെട്ടീ കോരനിടിവാളുവീണു
കത്തീടുന്ന കുടപ്പനപോലെ,
ഹൃത്തിലീരവം മാറ്റൊലിക്കൊണ്ടു,
'ചത്താൽ ക്കോരന്നതാശ്വാസമല്ലേ?'
ഉള്ളുനീറിപ്പെണ്ണോതുന്നു,'ണ്ടമ്മോ,
തൊള്ളിക്കഞ്ഞിന്റെ തൊള്ളേലൊയിച്ചേ.'
ഞെട്ടീ കോര, നിടിവാൾത്തലക-
ളൊട്ടു നേരം പുളഞ്ഞിതാ ക്കണ്ണിൽ.
സാവധാനമുയരുമാനേത്രം
സാരഗർഭമായ് തമ്പുരാൻ കണ്ടു
അദ്ദേഹത്തിൻ ചൊടികളിലൂടെ
എത്തിനോക്കീ ചെറുചിരി മെല്ലേ.
'വെയ്ക്കൂ തമ്പുരാൻ താക്കോലവിടെ,'
ഗർജിച്ചീടിനാൻ കോരനുറക്കെ.
നീറിനിൽക്കുമാക്കർഷകരോടായ്
സ്മേരം ചൊല്ലിനാൻ തമ്പുരാനേവം,
'താക്കോലൊക്കെത്തരാം, ഇന്നു പക്ഷേ,
ചാക്കിന്നമ്പതുറുപ്പിക വേണ്ടേ?'
'വെയ്ക്കാനല്ലേ പറഞ്ഞതാത്താക്കോൽ?'
ഗർജിച്ചാരജ്ജനങ്ങളൊട്ടാകെ
കോടികോടി മനുഷ്യർതൻ ചിത്തം
കൂടിച്ചേർന്നിട്ടിഴുകിയതത്രേ
നൂറുനൂറു യുഗത്തിന്നു മുമ്പാ-
ദ്ധീരനാദം ചിറകുവെയ്ക്കാതെ
മന്നിതാകെ നടുങ്ങിടും മട്ടി-
ലിന്നതിന്നു പറക്കുവാൻ തോന്നി.
മന്നിതാകെക്കുലുങ്ങവേ പാറാ-
നിന്നതിന്നു ചിറകുമുണ്ടായീ.
ആയതിന്റെ ചിറകടി മണ്ണിൻ

മായികത്വം തരിപ്പണമാക്കി.
മായമില്ലീ യുഗത്തിന്റെ മുമ്പിൽ,
മായുമേതു വിധിയുമീ മണ്ണിൽ!

**7**

വെയ്ക്കു തമ്പുരാൻ താക്കോലവിടെ,
വെയ്ക്കാനല്ലേ പറഞ്ഞതു കോരൻ?'
സ്തബ്ധമായി കുമാരിയെച്ചൂഴു–
മബ്ധിവീചീപരമ്പരയാകെ.
ഹാ, കുലുങ്ങിവിറയ്ക്കുകയായീ
ഗോകർണ്ണത്തെ മണൽത്തരിപോലും!
താക്കോൽക്കൂട്ടം കൊടുത്തകന്നെല്ലാം
നോക്കി നിൽക്കെ ഗൃഹാധിപനേകൻ,
പൂട്ടഖിലം തുറന്നറയ്ക്കുള്ളിൽ
പൂപ്പു കേറിക്കിടന്നിടും ധാന്യം
ഒപ്പമാക്കിപ്പകുത്തിടും കോര–
ന്നുൽപ്പതിയ്ക്കയാണോർമ്മകളുള്ളിൽ!
താനീപ്പാടത്തു ചാലുകൾ കീറി,
താനേ വിത്തിട്ടു പൊൻപൊടിമണ്ണിൽ,
താനേ നീക്കി കളകളും പക്ഷേ
താനല്ലിന്നുമിതിന്നുടമസ്ഥൻ.
ഒന്നും പത്തുമല്ലുള്ളതാ നാടൻ–
കുന്നിൻ മീതെ മണ്ണേരിയിന്നാളിൽ.
കൊള്ളിക്കമ്പു നടാവുന്ന മട്ടി–
ലെല്ലാം തമ്മിലുരുമ്മിക്കിടപ്പൂ.
കോരൻ കൂന്നു വടികുത്തിനിൽപ്പാ–
ണേരിയൊന്നിൻ തലയ്ക്കലുൽഭ്രാന്തൻ;
തോളിൽക്കൊട്ടയും കൈക്കോട്ടുമായി
കാളിചാരത്തിരിയ്ക്കയും ചെയ്വൂ.
നോക്കിനിന്നിതാച്ചക്രവാളത്തിൽ
പോക്കുവെയ്‌ലും പൊഴിച്ചുകൊണ്ടർക്കൻ
ചോരക്കട്ടയായ്ത്തീർന്നിതാ വെയ്‌ലിൽ

കോരന്നക്ഷിയിലൂറിടുമശ്രു.
നീളംവെച്ചു പുണരുകയായീ
കാളിതൻ നിഴലേരിയെഗ്ഗാഢം.
അത്ര ദീനമാമാരംഗമോർത്തി.
ട്ടർക്കന്നാസ്യം കറുക്കുകയായി.
ഏരിയിൽ തുറുകണ്ണുകൾ നട്ടു
കോരൻ മൂകം, അതിന്നകം നീലി
ഉള്ളു നീറിക്കരയുന്നു, 'ണ്ടച്ചോ
തൊള്ളിക്കഞ്ഞിന്റെ തൊള്ളേലൊയിച്ചേ'.
കോരൻ ദുഃഖസ്മൃതികളിൽ മുങ്ങി
കൂരിരുളിൽക്കുനിഞ്ഞു നിൽക്കുമ്പോൾ,
തോളിൽക്കൊട്ടയും കൈക്കോട്ടുമായി
കാളി മണ്ണിലമർന്നിരിക്കുമ്പോൾ,
അങ്ങകലെക്കുടിലുകളെല്ലാ-
മഗ്നിജ്വാലാപരീതമായ് ക്കണ്ടു
പാഞ്ഞു കോരനാദ്ദിക്കിലേയ്ക്കൊപ്പം
പാഞ്ഞു കാളിയുമാധികളോടെ.
ഓടിയോടിക്കിതച്ചവരെത്തീ
മാടം നിൽക്കും പറമ്പിലന്നേരം
ആളിക്കത്തിയടങ്ങുകയാണാ-
ച്ചാളയെല്ലാം; ഇതെങ്ങനെ പറ്റീ?
ചുറ്റുപാടും പരന്നതാ നിൽപ്പൂ
തുറ്റുതൂറ്റായിക്കാക്കിഭൂതങ്ങൾ.
കാറിൻ ചാരെസ്സിഗരറ്റു കത്തി-
ച്ചോരോന്നോതിച്ചിരിച്ചതാനിൽപ്പൂ
സമ്പത്തിന്റെ ഖദറുടുപ്പോലും
തമ്പുരാന്മാരൊരഞ്ചുപത്താളും.
ഉഗ്രമാം കൊടുങ്കാറ്റടിയോടൊ-
ത്തുച്ചം തോക്കുകളട്ടഹസിച്ചു.
വായുമണ്ഡലം ധൂമാവൃതമായ്-
പ്പോയീ, പാടില്ല വീർപ്പിടാൻ പോലും.

ഓരോ വല്ലാത്ത രോദനം കേൾക്കാ–
യോരോ വട്ടവും തോക്കലറുമ്പോൾ
ആരാരെല്ലാം വെടിയേറ്റുവീണു,
ആരാരെല്ലാം മരിച്ചുപോയാവോ!
നാഡികത്തിത്തിളയ്ക്കവേ കോര.
നോടീ മുന്നോട്ടൊരുന്മദാവിഷ്ടൻ.
കേവലമൊരു കർഷകനല്ലാ
കേരളത്തിലെക്കർഷകനിപ്പോൾ,
മണ്ണിനുള്ള ദുരന്തശാപങ്ങൾ
വെണ്ണീറാക്കുവാനെത്തിയ കൽക്കി.
മണ്ണിലേതോ മഹത്വം കതിർക്കും
വിണ്ണു തീർക്കും മഹോദ്യമശില്പി.
കട്ടകുത്തിത്തിളങ്ങിയാ നേത്രം;
അട്ടഹാസം പൊഴിച്ചിതാത്തൊണ്ട,
മാറിപ്പോകെടാ, നിങ്ങളെല്ലാരും',
കേറീ കോരനാത്തോക്കിനു നേരെ.
ചോരകൊണ്ടുപടുകളിയായി
കാണായപ്പോളവിടമൊട്ടാകെ,
കാളിക്കോവിലിലുത്സവനാളിൽ
കോഴിവെട്ടിനിരത്തിയപോലെ.
വീണടിഞ്ഞ ശവങ്ങളാപ്പായും
പാദങ്ങൾക്കു തുടുനിണം ചാർത്തി.
ഉഗ്രമാം കൊടുങ്കാറ്റടിയെപ്പോ–
ലുച്ചം തോക്കുകളട്ടഹസിച്ചു.
ചീറിയെത്തുമൊരുണ്ടയേറ്റപ്പോൾ
കോരനും നിലം പൊത്തുകയായി.
രക്തം പൊട്ടിയൊഴുകിയാ മെയ്യിൽ;
മുക്തി പുഞ്ചിരി തൂകിയാച്ചുണ്ടിൽ.
അഷ്ടദിക്കുകൾക്കാ നിമിഷത്തിൽ
സ്പഷ്ടമെന്തോ കിടിലമുണ്ടായി.
സഹ്യപർവ്വതത്തുമ്പുകളെല്ലാം

സത്യം പൊട്ടിപ്പൊടിപൊടിയായി.
മത്തടിയ്ക്കുമറബിക്കടലും
ചിത്തസ്പന്ദം നിലച്ചപോൽ നിന്നു.
നാമിരിയ്ക്കുമിഗ്ഗോളകത്തിന്റെ
നാഡിപോലും തരിപ്പണമായി.
അക്ഷയപ്രഭാപുഞ്ജങ്ങളാമാ
നക്ഷത്രങ്ങളും കെട്ടുപോയെന്നോ?

**8**

മുകമാമാശ്ശവപ്പറമ്പിന്റെ
മൂലയൊന്നിലൊരുമരക്കൊമ്പിൽ
തന്മണിക്കുഞ്ഞിനായൊരുനീഡം
നിർമ്മിക്കുന്ന മരങ്കൊത്തിമാത്രം
കൊക്കു പൊക്കിത്തരിമ്പിടനിന്നു
കൊത്തു വീണ്ടും തുടരുവാൻ വേണ്ടി.